# Desabhimani

## 22 August 2018

## Thiruvananthapuram, Flood Relief, UAE Government, 700 Crore

# യുഎഇ 700 കോടി നൽകും

തിരുവനന്തപുരം

പ്രളയദുരിതം അനുഭവിക്കുന്ന കേരളത്തെ സഹായിക്കാൻ യുഎഇ സർക്കാർ 700 കോടി രൂപ നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

പെരുന്നാൾ സന്ദേശം അറിയിക്കാൻ അബുദാബി കിരീടാവകാശി ശൈഖ് മുഹമ്മദ് ബിൻ സയിദ് അൽ നഹ്യാനെ ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലി കണ്ടപ്പോഴാണ് കേരളത്തിനെ സഹായിക്കുന്ന കാര്യം അറിയിച്ചത്. ഇക്കാര്യം പ്രധാനമന്ത്രി നരേന്ദ്ര മോഡിയെ നഹ്യാൻ അറിയിച്ചിട്ടുണ്ട്.

ഗൾഫ് രാജ്യങ്ങളെ മലയാളികൾ രണ്ടാം വീടായാണ് കാണുന്നത്. അവിടത്തെ ഭരണാധികാരികൾക്കും മലയാളിയരോട് പ്രത്യേക സ്നേഹമുണ്ട്.

സംസ്ഥാനം ചരിത്രത്തിലെ ഏറ്റവും ഭീകരമായ ദുരന്തം ഏറ്റുവാങ്ങിയപ്പോൾ സഹായഹസ്തം നീട്ടിയ യുഎഇയോട് നന്ദി അറിയിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു. പ്രസിഡന്റ് ഖലീഫ ബിൻ സയ്ദ് അൽ നഹ്യാൻ, പ്രധാനമന്ത്രി മുഹമ്മദ് ബിൻ റഷീദ് അൽ മക്തൂം കിരീടാവകാശി ശൈഖ് മുഹമ്മദ് ബിൻ സയിദ് അൽ നഹ്യാൻ എന്നിവരോടും പ്രത്യേകം നന്ദി അറിയിക്കുന്നു. ലോകസമൂഹം നമ്മോടൊപ്പം ഉണ്ടെന്ന സന്ദേശം പകരുന്നതാണ് ഈ സഹായമെന്നും മുഖ്യമന്ത്രി പറഞ്ഞു.